# കേരള സർവകലാശാല

നം.പി.ആർ.153/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ജൂലൈ 2019 ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.പി.എ/ബി.എസ്.ഡബ്ല്യൂ/ബി. വോക് പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

2019 ജൂണിൽ നടന്ന എട്ട്, ആറ്, നാല് സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് (HI) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 19 മുതൽ 26 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലങ്ങൾ

ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി 2013 സ്കീം (സപ്ലിമെന്ററി) ഫെബ്രുവരി/മാർച്ച് 2019, സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ സ്ട്രീം പ്രൊഡക്ഷൻ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ സ്ട്രീം ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ സ്ട്രീം ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 22. 2019 ഫെബ്രുവരിയിൽ നടന്ന 2013 സ്കീം ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് എട്ട്, ആറ് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2019 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി (യൂണിറ്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും പിഴ കൂടാതെ ജൂലൈ 25 വരെയും 1000 രൂപ പിഴയോടെ ആഗസ്റ്റ് 1 വരെയും അപേക്ഷിക്കാം. 2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബയോടെക്നോളജി മൾട്ടിമേജർ (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2015, 2014 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പി.ജി പ്രവേശനം 2019-20 : രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു ജൂലൈ 17,18,19 തീയതികളിൽ കോളേജ് പ്രവേശനം

സർവകലാശാലയുടെ 2019-2020 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചവർ പ്രവേശന ഫീസ് ഓൺലൈനായി ഒടുക്കണം. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2019 ജൂലൈ 17,18,19 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പറഞ്ഞിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. നിലവിൽ കോളേജുകളിൽ അഡ്മിഷൻ നേടിക്കഴിഞ്ഞവർക്ക് രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
16-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098